| | |
|---|---|
| KL - 40 - A - 8201, | KL - 40 - A - 8400, |
| KL - 58 - A - 4603, | KL - 16 - B - 4919, |
| KL - 40 - A - 6828, | KL - 41 - J - 7175, |
| KL - 07 - AJ - 4284, | KL - 40 - 1233, |
| KL - 40 - J - 9509, | KL - 07 - BH - 4343, |
| KL - 40 - 5533, | KL - 40 - H - 3007, |
| KL - 03 - R - 1896, | KL - 17 - 5301 |
| KL - 07 - AH - 6587, | KL - 17 - B - 9396, |
| KL - 17 - L - 9369, | KL - 17 - B - 801. |

(ഡി) ഇല്ല.

(ഇ) നിർത്തലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) കർശന നടപടി സ്വീകരിച്ചുവരുന്നു.

**നായരമ്പലം നെടുങ്ങാട് പ്രദേശത്തെ ഗതാഗത പ്രശ്നം**

235 (4570) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നായരമ്പലം നെടുങ്ങാട് പ്രദേശത്തെ രൂക്ഷമായ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) നിലവിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ സ്ഥിരമായി ട്രിപ്പുകൾ മുടക്കുന്നതു സംബന്ധിച്ച പ്രദേശവാസികളുടെ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പ്രദേശത്ത് ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ പറവൂർ ഡിപ്പോയിൽനിന്നും 6 സർവ്വീസുകൾ എടവനക്കാട് - ഞാറക്കൽ - നായരമ്പലം വഴി എറണാകുളത്തേയ്ക്ക് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. എന്നാൽ നെടുങ്ങാട് പ്രദേശത്തേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നില്ല. നായരമ്പലത്തുനിന്നും നെടുങ്ങാട്ടേക്കുള്ള റോഡ് വീതി കുറഞ്ഞതും വളവും തിരിവും ഉള്ളതുമാണ്. ഈ റൂട്ടിൽ ചെറിയ ബസ് ഉപയോഗിച്ചു മാത്രമേ സർവ്വീസ് നടത്തുവാൻ കഴിയുകയുള്ളൂ. ചെറിയ ബസ്സിന്റെ ലഭ്യതക്കുറവ് നിലവിലുള്ളതിനാൽ ടി സ്ഥലത്തേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല. ഇതു സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് ഒരു റോഡ് ഓഡിറ്റ് നടത്തുകയും ആയതിന്റെ റിപ്പോർട്ട് റോഡ് സുരക്ഷ അതോറിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ പ്രത്യേകിച്ച് കാരണമില്ലാതെ ട്രിപ്പുകൾ മുടക്കാറില്ല. പ്രദേശവാസികളുടെ പരാതിയിന്മേൽ മോട്ടോർ വാഹന വകുപ്പ് നിരന്തരമായി ചെക്കിംഗ് നടത്തുകയും ട്രിപ്പ് മുടക്കിയ 15 ബസ്സുകൾക്കെതിരെ ചെക്ക് റിപ്പോർട്ട് തയ്യാറാക്കി നടപടി സ്വീകരിച്ചിട്ടുമുണ്ട്.

(സി) ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് റോഡ് ഓഡിറ്റ് റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കി ഗതാഗത പ്രശ്നം പരിഹരിക്കുന്ന കാര്യം മോട്ടോർ വാഹന വകുപ്പിന്റെ പരിഗണനയിലുണ്ട്.

## ബസ്സുകളുടെ അപര്യാപ്തത

236 (4571) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എത്ര ബസുകൾ നിലവിലുണ്ടെന്നും ഷെഡ്യൂളുകൾക്ക് ആനുപാതികമായി എത്ര ബസുകൾ ആവശ്യമാണെന്നും വിശദമാക്കാമോ

(ബി) ബസുകളുടെ അപര്യാപ്തതമൂലം പല ഷെഡ്യൂളുകളും റദ്ദാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ബസുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) പയ്യന്നൂർ ഡിപ്പോയിൽ 91 ബസ്സുകൾ നിലവിലുണ്ട്. 91 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസ് ഉൾപ്പടെ 101 ബസ്സുകൾ ആവശ്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly